**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4656** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കുടിവെള്ള കണക്ഷൻ കാല താമസം കൂടാതെ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി ചുവടെ പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ഇ-ടാപ്പ്. ഈ സംവിധാനം വഴി അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ ഉൾപ്പെടുത്താം. അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ എത്തുന്നതോടെ സ്ഥല പരിശോധനക്കായി കൈ മാറും. ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി കണക്ഷൻ നൽകാൻ സാധിക്കും എന്ന് ബോധ്യപ്പെടുന്നതോടെ കണക്ഷൻ നൽകുന്ന പ്ലംബറെയും എസ്റ്റിമേറ്റ് തുകയും തീരുമാനിക്കും. ഈ വിവരങ്ങൾ അപേക്ഷകന് എസ് .എം.എസ് ആയി ലഭിക്കും. തുക ഓൺലൈനായി അടയ്ക്കുന്നതിന് സൗകര്യം ഉണ്ട്. തുക അടക്കുന്നതോടെ കണക്ഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കും. ജല ജീവൻ മിഷൻ വഴി കേരള വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള കണക്ഷൻ ഗ്രാമ പ്രദേശങ്ങളിൽ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. അപ്രകാരം ഉപഭോക്താവിന്റെ ആധാർ, റേഷൻ കാർഡ്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ വീട്ടിൽ ചെന്ന് ശേഖരിച്ച് ഓൺലൈനായി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ആ പ്രദേശത്ത് കരാർ നൽകിയിട്ടുള്ള കരാറുകാരൻ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ മേൽ നോട്ടത്തിൽ കണക്ഷൻ നൽകി വരുന്നു. ഈ പദ്ധതി വഴി 'കണക്ഷൻ അറ്റ് സ്പോട്ട് ' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. |
| (ബി) | കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈൻ ആക്കുന്നതിനുവേണ്ട സംവിധാനം വാട്ടർ | (ബി) | ഗ്രാമീണ മേഖലയിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ സൗജന്യ കുടിവെള്ള കണക്ഷൻ |

| | | | |
|---|---|---|---|
| | അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | നൽകുന്നതിന് 'കണക്ഷൻ അറ്റ് സ്പോട്ട് ' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ഇ-ടാപ്പ്. ആദ്യ ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ ഉള്ള 3 സെക്ഷൻ ഓഫീസുകളിലാണ് ഇ-ടാപ്പ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിവരുന്നത്. 1) തിരുവനന്തപുരം നോർത്ത് ഡിവിഷന് കീഴിലുള്ള പാളയം സെക്ഷൻ ഓഫീസ്. 2) തിരുവനന്തപുരം സൗത്ത് ഡിവിഷന് കീഴിലുള്ള പി.ടി.പി നഗർ സെക്ഷൻ ഓഫീസ്. 3) കോഴിക്കോട് ഡിവിഷന് കീഴിലുള്ള ഡിസ്ട്രിബ്യൂഷൻ സെക്ഷൻ-2 ഓഫീസ്. കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ഇ-ടാപ്പ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ